**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3714** **09-10-2025 - ൽ മറുപടിയ്ക്ക്**

**സോയിൽ സർവേ വകുപ്പ് കർഷകർക്ക് നൽകിയ മാർഗ്ഗനിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ 5 വർഷത്തെ കാലപരിധിയിലെ കാലവസ്ഥാവ്യതിയാനങ്ങളെ അടിസ്ഥാനമാക്കി സോയിൽ സർവേ വകുപ്പ് കർഷകർക്ക് എന്തെല്ലാം നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിന്റെ ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന്, സംസ്ഥാനത്ത് മഴയുടെ വിന്യാസത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. മഴയുടെ തീവ്രത, താപനില എന്നിവയിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ മണ്ണൊലിപ്പം, തത്ഫലമായി, മണ്ണിലെ പോഷകമൂലകങ്ങൾ നഷ്ടപ്പെട്ട്, മണ്ണിന്റെ ഫലഭൂയിഷ്ഠതയും ഉത്പാദനക്ഷമതയും കുറയുന്ന അവസ്ഥയും ഉണ്ടായിട്ടുണ്ട്. ഇതിന് പരിഹാരമായി ശാസ്ത്രീയ മണ്ണ് പരിശോധന നടത്തി, പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് വളപ്രയോഗ ശുപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ നൽകി വരുന്നു. മണ്ണിലെ പോഷകനില, അമ്ലത എന്നിവ മനസ്സിലാക്കിയുള്ള വളപ്രയോഗത്തിന്റെ പ്രാധാന്യം സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിന് ബോധവത്കരണ ക്ലാസ്സുകളും മണ്ണ് പരിശോധനാ കാമ്പെയിനുകളും ജില്ലകൾ തോറും നടത്തുന്നു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സോയിൽ മ്യൂസിയം, പരിശീലന കേന്ദ്രമായ സംസ്ഥാന നീർത്തട വികസന പരിപാലന കേന്ദ്രം (IWDM-K) എന്നിവയുടെ ആഭിമുഖ്യത്തിൽ കർഷകർക്കായി എല്ലാ വർഷവും കാലാവസ്ഥാ വ്യതിയാനം, പ്രകൃതി വിഭവ പരിപാലനം, പരിസ്ഥിതി സംരക്ഷണം, നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ, മണ്ണ് പരിപാലന വിഷയങ്ങളിൽ നിരവധി പരിശീലനങ്ങളും അവബോധന ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. 2024-25 വർഷത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 30336 കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയുണ്ടായി.<br><br>വകുപ്പ് നടത്തി വരുന്ന മണ്ണ് പര്യവേക്ഷണ പഠനങ്ങളിലൂടെ കാലാവസ്ഥ, മണ്ണ്, ഭൂപ്രകൃതി. ഭൂമിയുടെ ചരിവ് എന്നിവ വിലയിരുത്തി ഓരോ |

| | | | |
|---|---|---|---|
| | | | പ്രദേശത്തിന്റെയും ഭൂക്ഷമത നിർണ്ണയിക്കുകയും ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷി രീതികളും വിളകളും തിരഞ്ഞെടുക്കുന്നതിനു കർഷകന് ആവശ്യമായ ശിപാർശകൾ നൽകി വരികയും ചെയ്യുന്നു. കൃഷിക്ക് അനുയോജ്യമായതും അല്ലാത്തതുമായ പ്രദേശങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ പഠന റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ